സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് - പത്താം ശമ്പളപരിഷ്ക്കരണം - ക്ലാസ്ഫോർ ആയ ക്ഷേത്ര ജീവനക്കാരുടെ ശമ്പളപരിഷ്ക്കാരം, ഗ്രേഡ് തുടങ്ങിയവ പരിശോധിച്ച് അംഗീകാരം നൽകുന്നതിന് ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരെ ചുമതലപ്പെടുത്തിയത് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 515/16/Est-I** നന്തൻകോട്, 20/06/2018

---

പരാമർശം :- 1) 16-07-2016 ലെ മേൽ നമ്പർ ഉത്തരവ്.
2) ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 05-04-2018 ലെ ഡി.എ. 196/18/ഇ-1 നമ്പർ റിപ്പോർട്ട്.
3) ദേവസ്വം കമ്മീഷണറുടെ 31-05-2018 ലെ ആർ.ഒ.സി. 9570/2018/എസ്റ്റാ(സി) നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ക്ലാസ്ഫോർ ആയ ക്ഷേത്ര ജീവനക്കാരുടെ ശമ്പളപരിഷ്ക്കാരം, ഗ്രേഡുകൾ തുടങ്ങിയ ആനുകൂല്യങ്ങൾ അതാത് അസിസ്റ്റന്റ് ദേവസ്വം അക്കൗണ്ട്സ് ആഫീസ് മുഖേനയായിരുന്നു അംഗീകരിച്ച് വിന്നിരുന്നത്.

എന്നാൽ ടി സംഗതികൾ ഗ്രൂപ്പ് ആഫീസുകളിൽ പരിശോധിച്ച് ബന്ധപ്പെട്ട അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർ നൽകേണ്ടതാണെന്ന് നിർദ്ദേശിച്ച് പരാമർശം 1 ൽ ഉത്തരവായി.

ആയത് നിമിത്തം ജീവനക്കാർക്ക് യഥാസമയം ആനുകൂല്യങ്ങൾ ലഭിക്കുന്നതിൽ കാലതാമസത്തിന് ഇടവരുന്നുവെന്നും ആകയാൽ ദേവസ്വം ബോർഡിൽ പുനർവിന്യാസം നടപ്പിലാകുന്നതുവരെ ആദ്യകാലങ്ങളിൽ ചെയ്തുവരുന്ന ക്രമം ഗ്രേഡ്, ശമ്പളപരിഷ്ക്കാരം എന്നിവ അസിസ്റ്റന്റ് ദേവസ്വം അക്കൗണ്ട്സ് ആഫീസർമാർ മുഖേന അംഗീകരിച്ചു നൽകണമെന്ന് ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ പരാമർശം 2 റിപ്പോർട്ടിൽ ആവശ്യപ്പെട്ടുവെന്നും അതിന്റെ അടിസ്ഥാനത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ പുനർവിന്യാസം നടപ്പിലാകുന്നതുവരെ ക്ലാസ്സ്ഫോർ ആയ ക്ഷേത്ര ജീവനക്കാരുടെ ഗ്രേഡ്, ഫിക്സേഷൻ തുടങ്ങിയവ മുമ്പ് നടന്നുവന്നിരുന്ന പ്രകാരം തന്നെ തുടരുന്നതിന് ഉത്തരവ് ഉണ്ടാകണമെന്ന് വിവരിച്ചുള്ള ദേവസ്വം കമ്മീഷണറുടെ പരാമർശം 3 റിപ്പോർട്ട് ലഭിച്ചു.

(മറുപുറം)

ബോർഡ് ടി വിഷയം പരിശോധിച്ച് ചർച്ച ചെയ്തു.

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ക്ലാസ്ഫോർ ആയ ക്ഷേത്രജീവനക്കരുടെ ശമ്പളപരിഷ്ക്കാരം, ഗ്രേഡ് തുടങ്ങിയവ അതത് അസിസ്റ്റന്റ് ദേവസ്വം അക്കൗണ്ട്സ് ആഫീസർമാർ അംഗീകരിച്ച് നൽകേണ്ടതാണെന്ന് ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ഇ.ഡി.പി. സെക്ഷൻ
3. സെക്ഷൻ ഫയൽ
4. ഫയൽ ബുക്ക്
5. ഫെയർ ആഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK